# ഗുരുവായൂർ ദേവസ്വം

## വൈദിക സാംസ്കാരിക പഠനകേന്ദ്രം
## ചുമർചിത്ര പഠനകേന്ദ്രം
## IKS സെന്റർ, ശ്രീകൃഷ്ണ കോളേജ് ഗുരുവായൂർ



# ത്രിദിന ദേശീയ സെമിനാർ

# വേദപാരമ്പര്യവും ക്ഷേത്രകലകളും

2025 ഒക്ടോബർ 27, 28, 29
ശ്രീകൃഷ്ണ കോളേജ് ഓഡിറ്റോറിയം



**ബ്രഹ്മശ്രീ ഡോ. തോട്ടം ശിവകരൻ നമ്പൂതിരി**

ഗുരുവായൂർ ക്ഷേത്രം മുൻമേൽശാന്തിയായിരുന്ന ബ്രഹ്മശ്രീ ഡോ. തോട്ടം ശിവകരൻ നമ്പൂതിരി സാസ്കാരിക പാരമ്പര്യ ആത്മീയ പൈതൃകം സംരക്ഷിക്കുന്നതിൽ നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന വൈദികപണ്ഡിതൻ ആണ്. ജൈമിനീയ സാമവേദം കേരളീയ ശൈലിയിൽ ആലപിക്കുന്ന അപൂർവാധികാരികളിൽ പ്രഥമഗണനീയനായ ഇദ്ദേഹം ശ്രീധരി ആയുർവേദ ആശുപത്രിയിലെ മുഖ്യ ഭിഷഗ്വരൻ കൂടിയാണ്. കുറിച്ചിത്താനം തോട്ടം സാമവേദ പാഠശാലയിലൂടെ, വരും തലമുറയിലേക്ക് കേരളീയസാമവേദപാരമ്പര്യം ഇദ്ദേഹം പകർന്നു നൽകിക്കൊണ്ടിരിക്കുന്നു.



**ബ്രഹ്മശ്രീ അണ്ടലാടി ദിവാകരൻ നമ്പൂതിരി**

ആലുവ തന്ത്രവിദ്യാപീഠം പൂർവ്വാദ്ധ്യാപകനും തന്ത്രിശ്രേഷ്ഠനുമായ ബ്രഹ്മശ്രീ അണ്ടലാടി ദിവാകരൻ നമ്പൂതിരി ആറ് പതിറ്റാണ്ടുകളായി താന്ത്രികമേഖലയിൽ സജീവസാന്നിധ്യമാണ്. അഞ്ഞൂറോളം ക്ഷേത്രങ്ങളുടെ ചുമതല വഹിക്കുന്ന ഇദ്ദേഹം 15 വർഷത്തോളമായി ഗുരുവായൂർ ക്ഷേത്ര കലശം, ഉത്സവം തുടങ്ങിയ ചടങ്ങുകളിൽ ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ ചേന്നാസ് നമ്പൂതിരിയുടെ പ്രത്യേക ക്ഷണം സ്വീകരിച്ച് പങ്കെടുത്തുവരുന്നു. പ്രശസ്തമായ രേവതി പട്ടത്താനം പുരസ്കാരാർഹനായ ഇദ്ദേഹം മറ്റനേകം പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.



**ബ്രഹ്മശ്രീ പന്തൽ ദാമോദരൻ നമ്പൂതിരി**

യജുർവേദത്തിന്റെ എല്ലാ ശാഖകളിലും നിഷ്ണാതനും നാല് പതിറ്റാണ്ടുകളായി യജുർവേദസംവാദങ്ങളിൽ സജീവസാന്നിധ്യവുമായ ബ്രഹ്മശ്രീ പന്തൽ ദാമോദരൻ നമ്പൂതിരി കേരളത്തിനകത്തും പുറത്തുമായി നടന്നിട്ടുള്ള കേരളീയ സമ്പ്രദായത്തിലുള്ള മിക്ക സോമയാഗങ്ങളിലും അതിരാത്രങ്ങളിലും, നേതൃസ്ഥാനം അലങ്കരിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട കാമകോടി യജുർവേദപാഠശാലയിലും തൃശൂർ ബ്രഹ്മസ്വം മഠത്തിലും യജുർവേദാദ്ധ്യപകനായി സേവനം അനുഷ്ഠിച്ചിട്ടുള്ള  ഇദ്ദേഹം വേദരത്നം, ശ്രൗതവിഭൂഷണം തുടങ്ങിയ ബഹുമതികൾക്കും നിരവധി പുരസ്ക്കാരങ്ങൾക്കും അർഹനായ വൈദികശ്രേഷ്ഠൻ ആണ്.



**ബ്രഹ്മശ്രീ. കോതമംഗലം വാസുദേവൻ നമ്പൂതിരി**

ഋഗ്വേദ സംഹിത, പദപാഠ വികൃതിപാഠങ്ങളിൽ അഗ്രഗണ്യനും ആറ് പതിറ്റാണ്ടുകളായി ഋഗ്വേദാധ്യാപനം  ചെയ്തുവരുന്ന ബ്രഹ്മശ്രീ. കോതമംഗലം വാസുദേവൻ നമ്പൂതിരി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവീസിൽ വിവിധ മേഖലകളിൽ സേവനം അനുഷ്ഠിച്ചിരുന്നു. കേരളീയ ശൈലിയിൽ ഋഗ്വേദ സംഹിതാലാപനവും ഹസ്തമുദ്രകൾ ഉപയോഗിച്ചുള്ള ഋഗ്വേദപദപാഠാലാപനവും 50 മണിക്കൂർ വീതം നീണ്ടുനിൽക്കുന്ന വീഡിയോകളായി ചെയ്തിട്ടുള്ള ഇദ്ദേഹം ഓൾ ഇന്ത്യ വേദിക് എക്സാമിനേഷനിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. വൈദികവിജ്ഞാന പാരമ്പര്യത്തെ ആഴത്തിൽ പഠിക്കുകയും ധാരാളം വിദ്യാർത്ഥികളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ബ്രഹ്മശ്രീ. കോതമംഗലം വാസുദേവൻ നമ്പൂതിരി നിലവിൽ ഗുരുവായൂർ ദേവസ്വം വൈദിക സാംസ്കാരിക പഠനകേന്ദ്രത്തിലെ വേദാധ്യാപകൻ ആണ്.



**ബ്രഹ്മശ്രീ വടക്കേടം നീലകണ്ഠൻ നമ്പൂതിരി**

വേദോപാസകനും സാത്വികചിന്തകനും ആത്മീയാചാര്യനുമായ ബ്രഹ്മശ്രീ വടക്കേടം നീലകണ്ഠൻ നമ്പൂതിരി ഋഗ്വേദം പൂർണമായും മനഃപാഠമാക്കുകയും സംഹിത പദ ക്രമ പാഠങ്ങളിൽ അഗ്രഗണ്യനും ആണ്. തൊണ്ണൂറ്റിരണ്ടാം വയസ്സിലും  ഋഗ്വേദമുറജപം, വാരം, ലക്ഷാർച്ചന, ത്രിസന്ധ, ത്രീണീജപം, കടവല്ലൂർ അന്യോന്യം മുതലായ വൈദിക ക്രിയകളിൽ അവിഭാജ്യ സ്ഥാനം അലങ്കരിക്കുന്ന ഇദ്ദേഹം അനവധി പുരസ്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ ദിവസേനയുള്ള വേദപാരായണത്തിൽ കഴിഞ്ഞ 25 വർഷത്തോളമായി സജീവമായി പങ്കെടുത്തുവരുന്നു.

## ദേശീയ സെമിനാർ
## വേദ പണ്ഡിതരെ ആദരിക്കൽ

ഉദ്ഘാടനം



**ഡോ. വി. കെ. വിജയൻ**
(ചെയർമാൻ
ഗുരുവായൂർ ദേവസ്വം)

മുഖ്യാതിഥി



**ബ്രഹ്മശ്രീ. ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട്,**
(ഗുരുവായൂർ ക്ഷേത്രം തന്ത്രി)

സർട്ടിഫിക്കറ്റ് വിതരണം



**ഒ. ബി. അരുൺകുമാർ**
(അഡ്മിനിസ്ട്രേറ്റർ
ഗുരുവായൂർ ദേവസ്വം)



കേരളത്തിന്റെ വൈദികവാങ്മയം ലോകമെമ്പാടുമുള്ള ജനങ്ങളെ ജിജ്ഞാസുക്കൾ ആക്കുന്നതും സംസ്കാരപഠനം, ചരിത്രം, തത്ത്വചിന്ത, അനുഷ്ഠാന പഠനം, ഭാഷാശാസ്ത്രം മുതലായ നിരവധി വിജ്ഞാനധാരകളിലേക്ക് വാതായനങ്ങൾ തുറക്കുന്നതും ആയ അദ്വിതീയ വൈജ്ഞാനികമേഖല ആണ്. വേദപാരമ്പര്യത്തെ അറിയുന്നതോടൊപ്പം കേരളീയ സംസ്കാരത്തിന്റെ അവിഭാജ്യഘടകങ്ങൾ ആയ ക്ഷേത്രകലകളുടെ പരമ്പരാഗത രീതിയിലുള്ള ആവിഷ്കാരം വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഗുരുവായൂർ ദേവസ്വം വൈദികസാംസ്കാരിക പഠനകേന്ദ്രത്തിന്റെയും, ഗുരുവായൂർ ദേവസ്വം ചുമർചിത്ര പഠനകേന്ദ്രത്തിന്റെയും, ശ്രീകൃഷ്ണ കോളേജ് IKS സെന്റർ ഗുരുവായൂരിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ "വേദപാരമ്പര്യവും ക്ഷേത്രകലകളും" എന്ന വിഷയത്തിൽ ത്രിദിന ദേശീയ സെമിനാർ 2025 ഒക്ടോബർ 27, 28, 29 എന്നീ തിയ്യതികളിലായി ശ്രീകൃഷ്ണ കോളേജ് സെമിനാർ ഹാളിൽ വെച്ച് നടത്തുന്നു. ഗുരുവായൂർ ദേവസ്വം ചെയർമാൻ ഡോ. വി.കെ. വിജയൻ ഉദ്ഘാടനം ചെയ്യുന്ന ഈ സെമിനാറിലേക്ക് താങ്കളുടെയും സുഹൃത്തുക്കളുടെയും മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ ഗുരുവായൂരപ്പന്റെ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട്

**ഡോ. വി. കെ. വിജയൻ**
(ചെയർമാൻ,
ഗുരുവായൂർ ദേവസ്വം)

**ശ്രീ. ഒ. ബി. അരുൺകുമാർ**
(അഡ്മിനിസ്ട്രേറ്റർ,
ഗുരുവായൂർ ദേവസ്വം)

**ഡോ. വിജോയ് പി. എസ്.**
(പ്രിൻസിപ്പാൾ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)

**ഡോ. പി. നാരായണൻ നമ്പൂതിരി**
(ഡയറക്ടർ, IVCS ഗുരുവായൂർ ദേവസ്വം)

**ശ്രീ. എം. നളിൻബാബു**
(പ്രിൻസിപ്പാൾ, ഗുരുവായൂർ ദേവസ്വം ചുമർചിത്ര പഠനകേന്ദ്രം)

## 27.10.2025 തിങ്കൾ രാവിലെ 10 മണി – 11 മണി വരെ ഉദ്ഘാടന സമ്മേളനം

ഈശ്വരപ്രാർത്ഥന : ശ്രീ. അരുൺ എം. എൻ. (അസി. പ്രൊഫ. IVCS ഗുരുവായൂർ ദേവസ്വം)
സ്വാഗതം : ശ്രീ. എം. നളിൻബാബു
(പ്രിൻസിപ്പാൾ, ഗുരുവായൂർ ദേവസ്വം ചുമർചിത്രപഠന കേന്ദ്രം)
അദ്ധ്യക്ഷൻ : ഡോ. പി. നാരായണൻ നമ്പൂതിരി (ഡയറക്ടർ, IVCS ഗുരുവായൂർ ദേവസ്വം)
ഉദ്ഘാടനം : ഡോ. വി. കെ. വിജയൻ (ചെയർമാൻ, ഗുരുവായൂർ ദേവസ്വം)
മുഖ്യാതിഥി : ബ്രഹ്മശ്രീ. ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് (ഗുരുവായൂർ ക്ഷേത്രം തന്ത്രി)
സമാദരണം : 1. ബ്രഹ്മശ്രീ. വടക്കേടം നീലകണ്ഠൻ നമ്പൂതിരി
: 2. ബ്രഹ്മശ്രീ. കോതമംഗലം വാസുദേവൻ നമ്പൂതിരി
: 3. ബ്രഹ്മശ്രീ. തോട്ടം ശിവകരൻ നമ്പൂതിരി
: 4. ബ്രഹ്മശ്രീ. പന്തൽ ദാമോദരൻ നമ്പൂതിരി
: 5. ബ്രഹ്മശ്രീ. അണ്ടലാടി ദിവാകരൻ നമ്പൂതിരി
വിശിഷ്ട സാന്നിദ്ധ്യം : ഗുരുവായൂർ ദേവസ്വം ഭരണസമിതി അംഗങ്ങൾ
: ബ്രഹ്മശ്രീ മല്ലിശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്
: ശ്രീ. സി. മനോജ്
: ശ്രീ. മനോജ് ബി. നായർ
: ശ്രീ. കെ. എസ്. ബാലഗോപാൽ
: ശ്രീ. കെ. പി. വിശ്വനാഥൻ
ആശംസകൾ : ഡോ. വിജോയ് പി. എസ്.
(പ്രിൻസിപ്പാൾ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)
: ഡോ. ശ്രീജ ടി. ഡി. (കോഡിനേറ്റർ IQAC ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)
: ശ്രീ. മുഹമ്മദ് മിസ്ബാഹ് ടി. എസ്.
(കോളേജ് യൂണിയൻ ചെയർമാൻ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)
കൃതജ്ഞത : ഡോ. ഗീതു എസ്. നാഥ് (അസി. പ്രൊഫ. IVCS ഗുരുവായൂർ ദേവസ്വം)

## 27.10.2025 തിങ്കൾ രാവിലെ 11.00 മുതൽ 01.00 മണി വരെ

മോഡറേറ്റർ : ഡോ. തോട്ടം ശിവകരൻ നമ്പൂതിരി (വേദപണ്ഡിതൻ)
വിഷയാവതരണം 1 : ഡോ. എൻ. കെ. സുന്ദരേശ്വരൻ
: (റിട്ട. പ്രൊഫ. & ഹെഡ് സംസ്കൃത വിഭാഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി)
വിഷയം : വേദപഠനത്തിന്റെ സാംഗത്യം
വിഷയാവതരണം 2 : ശ്രീ. കോതമംഗലം വാസുദേവൻ നമ്പൂതിരി
(അസി. പ്രൊഫസർ, IVCS ഗുരുവായൂർ ദേവസ്വം)
വിഷയം : ഉച്ചാരണശുദ്ധിയുടെ കാണാപ്പുറങ്ങൾ

## 27.10.2025 തിങ്കൾ ഉച്ചക്ക് 2.00 മണി മുതൽ 4.00 മണി വരെ

മോഡറേറ്റർ : ശ്രീ. എം. നളിൻബാബു
വിഷയാവതരണം 1 : ഡോ. എം. ജി. ശശിഭൂഷൺ
(കലാ ചരിത്രകാരൻ, ചുമർചിത്രകലാ ഗവേഷകൻ)
വിഷയം : വിഗ്രഹശാസ്ത്രവും ചുമർചിത്രപാരമ്പര്യവും
വിഷയാവതരണം 2 : ഡോ. എസ്. രാജേന്ദു
(കലാനിരൂപകൻ)
വിഷയം : ചിത്രസൂത്രവും ചുമർചിത്രകലയും
വിഷയാവതരണം 3 : ഡോ. കെ.യു. കൃഷ്ണകുമാർ
(റിട്ട: പ്രിൻസിപ്പാൾ, ചുമർചിത്രപഠന കേന്ദ്രം, ഗുരുവായൂർ ദേവസ്വം)
വിഷയം : ചുമർചിത്രകലയുടെ സൗന്ദര്യശാസ്ത്രം
കൃതജ്ഞത : ശ്രീ. ബബീഷ് യു. വി. (ഇൻസ്ട്രക്ടർ, ചുമർചിത്ര പഠനകേന്ദ്രം)

## 28.10.2025 ചൊവ്വ രാവിലെ 10 മുതൽ 1.00 മണി വരെ

മോഡറേറ്റർ : ഡോ. കെ. വി. വാസുദേവൻ
(റിട്ട: സംസ്കൃതവിഭാഗാദ്ധ്യക്ഷൻ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)
വിഷയാവതരണം 1 : ശ്രീ. കലാമണ്ഡലം രാമച്ചാക്യാർ
(റിട്ട: കൂടിയാട്ടവിഭാഗാദ്ധ്യക്ഷൻ, കലാമണ്ഡലം)
വിഷയം : കൂടിയാട്ടത്തിലെ മുഖമെഴുത്ത് പാരമ്പര്യം
വിഷയാവതരണം 2 : ഡോ. ഉഷ നങ്ങ്യാർ (അസി. പ്രൊഫസർ, തീയറ്റർ വിഭാഗം SSUS കാലടി)
വിഷയം : കൂടിയാട്ടവും നേത്രാഭിനയവും
വിഷയാവതരണം 3 : ഡോ. ഭദ്ര പി. കെ. എം.
(ഗസ്റ്റ് ലക്ചറർ, സംസ്കൃതവിഭാഗം, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)
വിഷയം : കൂടിയാട്ടത്തിലെ വർണ്ണനാവിശേഷങ്ങൾ

## 28.10.2025 ചൊവ്വ ഉച്ചക്ക് 2.00 മുതൽ 4.00 മണി വരെ

മോഡറേറ്റർ : ഡോ. ലക്ഷ്മി ശങ്കർ
(സംസ്കൃത വിഭാഗാദ്ധ്യക്ഷ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)
വിഷയാവതരണം 1 : ശ്രീ. തൃപ്പൂണിത്തുറ കൃഷ്ണദാസ് (പ്രശസ്ത ഇടയ്ക്ക വിദ്വാൻ)
വിഷയം : സോപാനസംഗീതത്തിന്റെ നാൾവഴികൾ
വിഷയാവതരണം 2 : ശ്രീ. ഏലൂർ ബിജു (സോപാന സംഗീതജ്ഞൻ)
വിഷയം : അഷ്ടപദി പ്രയോഗഭേദങ്ങൾ

## 29.10.2025 ബുധൻ രാവിലെ 10 മണി മുതൽ 12.30 വരെ

മോഡറേറ്റർ : ഡോ. മായ എസ്. നായർ
(അസി. പ്രൊഫസർ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)
വിഷയാവതരണം 1 : ഡോ. രാഘവൻ പയ്യനാട് (പ്രശസ്ത നാടൻകലാ ഗവേഷകൻ)
വിഷയം : കളമെഴുത്തിന്റെ ഐതിഹ്യവും ചരിത്ര പശ്ചാത്തലവും
വിഷയാവതരണം 2 : ശ്രീ. കല്ലാറ്റ് മണികണ്ഠൻ (പ്രശസ്ത കളമെഴുത്ത് കലാകാരൻ)
വിഷയം : ഭഗവതിക്കളവും ദാരികവധം പാട്ടും
കളമെഴുത്ത് അവതരണം

## 29.10.2025 ബുധൻ ഉച്ചക്ക് 1.30 മുതൽ 3.00 മണി വരെ

മോഡറേറ്റർ : ഡോ. കെ. യു. കൃഷ്ണകുമാർ
വിഷയാവതരണം 1 : ശ്രീ. അരവിന്ദാക്ഷപിഷാരടി (മുൻ കൃഷ്ണനാട്ടം വേഷം ആശാൻ)
വിഷയം : കൃഷ്ണനാട്ടത്തിന്റെ സവിശേഷതകൾ
വിഷയാവതരണം 2 : ശ്രീ. കലാമണ്ഡലം എം. പി. എസ്. നമ്പൂതിരി
(റിട്ട: കഥകളി വിഭാഗാദ്ധ്യക്ഷൻ, കലാമണ്ഡലം)
വിഷയം : കഥകളിയും കൃഷ്ണനാട്ടവും - സാജാത്യ വൈജാത്യങ്ങൾ

## 29.10.2025 ബുധൻ വൈകിട്ട് 3.00 മണി മുതൽ 4.00 മണി വരെ സമാപന സമ്മേളനം

സ്വാഗതം : ഡോ. പി. നാരായണൻ നമ്പൂതിരി
അദ്ധ്യക്ഷൻ : ഡോ. വിജോയ് പി. എസ്.
സെമിനാർ അവലോകനം
സർട്ടിഫിക്കറ്റ് വിതരണം : ശ്രീ. ഒ. ബി. അരുൺകുമാർ (അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം)
നന്ദി : ഡോ. മിഥുൻ കെ. എസ്
(മെമ്പർ, IKS സെന്റർ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)

